**Regd/AD**

<u>നഗരകാര്യ വകുപ്പ് ഉത്തരമേഖലാ ജോയിന്റ് ഡയറക്ടറുടെ ഉത്തരവുനടപടികൾ</u>

നഗരകാര്യ വകുപ്പ് - ഉത്തരമേഖലാ കാര്യാലയം, കോഴിക്കോട് - പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ ചട്ടവിരുദ്ധമായി പ്ലാൻ തയ്യാറാക്കി സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ.സി.സുരേഷിന്റെ രജിസ്ട്രേഷൻ (Reg.E-2050/08/2459/ KKD/117/2010/SA) സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നം.ഇ-3472/18 — കോഴിക്കോട്, തീയതി: 11/04/19

---

പരാമർശം:- 1)തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1651003/ആർബി1/ 2017/തസ്വഭവ നമ്പർ കത്ത്

2) ചീഫ് ടൗൺ പ്ലാനറുടെ 27/2/18 ലെ CTP VIG 342/17, 427/17, 583/17, 707/17 നമ്പർ റിപ്പോർട്ട്

3) കരിമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/10/18 ലെ എ3-3478/18 നമ്പർ കത്ത്

4) ശ്രീ.സി. സുരേഷിന് ഈ ഓഫീസിൽ നിന്നും നൽകിയ 15/11/18 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5) ശ്രീ. സി.സുരേഷിന്റെ 28/11/18 ലെ മറുപടി

6) ശ്രീ. സി.സുരേഷ് 02/2/19 ന് നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടർ മുമ്പാകെ നേരിൽ ഹാജരായി നൽകിയ മൊഴി

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ കരിമ്പൂഴ ഗ്രാമപഞ്ചായത്തിൽ ശ്രീ.ഗോവിന്ദരാജൻ എന്നവർക്ക് 27/2/16 തിയ്യതിയിൽ അനുവദിച്ച ജെ.സി3-1662/16 നമ്പർ ബിൽഡിംഗ് പെർമിറ്റും ആയതിന്റെ നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ശ്രീമതി .കെ. ആർ.മഹാലക്ഷ്മി എന്നവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ ടൗൺ പ്ലാനർ (വിജിലൻസ്) സ്ഥലപരിശോധന നടത്തി പരാമർശം (2) പ്രകാരം ചട്ടലംഘനങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ബന്ധപ്പെട്ട പ്ലാൻ ഒപ്പിട്ട് സമർപ്പിച്ച ലൈസൻസിക്കെതിരെ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശ പ്രകാരം തുടർനടപടി സ്വീകരിയ്ക്കുവാൻ പരാമർശം (1) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിരുന്നു. ആയതിനെത്തുടർന്ന് 1999 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് (കെ.എം.ബി.ആർ) ചട്ടം 153(7) ,(8)ന് വിധേയമായി പരാമർശം (4) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് പരാമർശം (5) പ്രകാരം ടിയാൻ മറുപടി സമർപ്പിക്കുകയും ചെയ്തു. തുടർന്ന് ശ്രീ.സുരേഷ്.സി നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് മുമ്പാകെ നേരിൽ ഹാജരായി നൽകിയ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

27/2/16 തീയ്യതിയിൽ ജെ.സി3/1662/16 നമ്പർ ബിൽഡിംഗ് പെർമിറ്റ് നേടുകയും ടൗൺ പ്ലാനറുടെ (വിജിലൻസ്) സ്ഥല പരിശോധന വേളയിൽ സ്ട്രക്ചറൽ വർക്ക് പൂർത്തിയായിട്ടുമുള്ള പ്രസ്തുത നിർമ്മാണത്തിനായി സമർപ്പിച്ച പ്ലാനിൽ നിർദ്ദിഷ്ട പ്ലോട്ടിന്റെ

പടിഞ്ഞാറ് ഭാഗത്തുകൂടി ഒരു നടവഴി ഉള്ളത് അംഗീകൃത പ്ലാനിൽ കാണിച്ചിട്ടില്ലെന്നതാണ് പ്രധാനമായും ടൗൺ പ്ലാനർ ഒന്നാം പരാമർശിത റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ചട്ടലംഘനം.

ബിൽഡിംഗ് പെർമിറ്റിന് വേണ്ടി സ്ഥലം പരിശോധിച്ചപ്പോൾ പ്ലോട്ടിന്റെ പടിഞ്ഞാറ് വശത്തുള്ള നടവഴി നിലവിൽ ഉപയോഗിക്കുന്നില്ലെന്നും പഞ്ചായത്ത് അധികൃതർ പരിശോധിച്ചപ്പോഴും ഇതേ മറുപടിയാണ് ലഭിച്ചതെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം ഉടമയായ ശ്രീ.ഗോവിന്ദരാജിന് പെർമിറ്റ് ലഭിച്ചതെന്നും കൂടാതെ മേൽ പ്ലാൻ തയ്യാറാക്കുന്നതിനല്ലാതെ ആയത് പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളുടെ സൂപ്പർ വിഷൻ തന്നെ ഏൽപ്പിച്ചിരുന്നില്ലെന്നും പ്രസ്തുത നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചത് മറ്റൊരു ലൈസൻസി മുഖേനയാണെന്നും മേൽ അംഗീകൃത പ്ലാൻ സംബന്ധിച്ച് എന്തെങ്കിലും അപാകത സൂചിപ്പിച്ച് കരിമ്പുഴ പഞ്ചായത്തിൽ നിന്നും തനിയ്ക്ക് യാതൊരു വിധ അറിയിപ്പും ലഭിച്ചിട്ടില്ലാത്തതുമാണെന്നും ഉപയോഗത്തിലില്ലാത്ത നടവഴി പ്ലാനിൽ കാണിക്കേണ്ടതുണ്ടോ എന്ന ആശയക്കുഴപ്പമുണ്ടായതിനാൽ മാത്രമാണ് പ്രസ്തുത നടവഴി പ്ലാനിൽ കാണിക്കാതിരുന്നതെന്നും മേൽ പ്രകാരം സംഭവിച്ച അപാകത മാപ്പാക്കി ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ (5),(6) പരാമർശങ്ങൾ പ്രകാരം അപേക്ഷിക്കുകയുമുണ്ടായി

മേൽ വിഷയവുമായി ബന്ധപ്പെട്ട് ടൗൺ പ്ലാനർ (വിജി)ന്റെ റിപ്പോർട്ട് , ശ്രീ.സി സുരേഷിന്റെ മറുപടി, ടിയാൻ ഈ ഓഫീസിൽ നേരിട്ട് ഹാജരായി നൽകിയ സ്റ്റേറ്റ്മെന്റ്, കരിമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് എന്നിവ വിശദമായി പരിശോധിച്ചതിൽ നിസ്സാരമല്ലാത്ത ചട്ടലംഘനങ്ങളോടെയാണ് ടിയാൻ കെട്ടിട നിർമ്മാണത്തിനായി പ്ലാൻ ഒപ്പിട്ട് സമർപ്പിച്ചിട്ടുള്ളത് എന്ന് കാണുന്നതിനാൽ ടിയാന്റെ മറുപടി അംഗീകരിക്കാനാവില്ല എന്ന് ബോധ്യപ്പെട്ടിരിക്കുന്നു. 1999 ലെ കെ.എം.ബി.ആർ ചട്ടം 153(3) പ്രകാരം പ്ലാനുകളും ഡ്രോയിംഗുകളും സൈറ്റ് പരിശോധന നടത്തി അതിരുകൾ ബോധ്യപ്പെട്ടതിനുശേഷം മാത്രം തയ്യാറാക്കേണ്ടതാണെന്നിരിക്കെ ആയതിന്റെ ലംഘനമെന്നോണം പ്ലോട്ടിന്റെ പടിഞ്ഞാറുവശത്തുള്ള നടവഴി കാണിക്കാതെ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചത് ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ് ചട്ടം 153(1) , (2) എന്നിവ പ്രകാരം പ്ലാനുകളും ഡ്രോയിംഗുകളും ആക്ടിലേയും ചട്ടങ്ങളിലേയും അല്ലെങ്കിൽ സർക്കാരോ മുനിസിപ്പാലിറ്റിയോ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളിലെയും വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും ആ അർത്ഥത്തിലുള്ള ഒരു സർട്ടിഫിക്കറ്റ് പ്ലാനുകളിലും ഡ്രോയിംഗുകളിലും രേഖപ്പെടുത്തി ഒപ്പ് വെക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . മേൽ കെട്ടിട നിർമ്മാണത്തിന്റെ സംഗതിയിൽ Appendix A- യിൽ തയ്യാറാക്കി സമർപ്പിക്കുന്ന അപേക്ഷയിൽ ഖണ്ഡിക 16 പ്രകാരം കെട്ടിട നിർമ്മാണം അംഗീകൃതതാണെന്ന് ലൈസൻസ്ഡ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തി നൽകിയതിൽ പിഴവ് സംഭവിച്ചിട്ടുള്ളതാണ്. ചട്ടം 153(4) പ്രകാരം പ്ലാനിലും ഡ്രോയിംഗിലും വിവരണങ്ങളിലും, സർട്ടിഫിക്കറ്റ് നൽകുകയും ഒപ്പുവെയ്ക്കുകയും ചെയ്യുന്നയാൾ ആ സർട്ടിഫിക്കറ്റിലും പ്ലാനിലും ഡ്രോയിംഗിലും വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ പിഴവില്ലായ്മയ്ക്കും സത്യാവസ്ഥയ്ക്കും ഉത്തരവാദിയായിരിക്കുന്നതാണ് എന്നതിനാലും മേൽ വിവരിച്ച കാരണങ്ങളാൽ കണ്ടെത്തിയ ചട്ടലംഘനത്തിന് ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ. സി. സുരേഷിന്റെ സൂപ്പർ വൈസർ -എ രജിസ്ട്രഷൻ (Reg.E-2050/08/2459/ KKD/117/2010/SA) 02/5/2019 മുതൽ 31/5/19

വരെയുള്ള കാലയളവിലേയ്ക്ക് ചട്ടം 153(8) പ്രകാരം സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. സസ്പെൻഷൻ കാലയളവിൽ ശ്രീ.സി. സുരേഷ് 1999 -ലെ കെ.എം.ബി.ആർ വ്യവസ്ഥ ചെയ്യുന്ന സൂപ്പർവൈസർ-എ യുടെ ചുമതലകൾ നിർവ്വഹിക്കുവാൻ പാടില്ലാത്തതും സസ്പെൻഷൻ വിവരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നതിനായി രജിസ്ട്രഷൻ, റിന്യൂവൽ സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ, ഈ ഉത്തരവ് കൈപ്പറ്റി ഒരാഴ്ചയ്ക്കകം നഗരകാര്യ വകുപ്പിന്റെ കോഴിക്കോട് മേഖലാ കാര്യാലയത്തിൽ ഹാജരാക്കേണ്ടതുമാണ്.

(ഒപ്പ്)/-
കെ.പവിത്രൻ
റീജിയണൽ ജോയിന്റ് ഡയറക്ടർ
(ഇൻ-ചാർജ്ജ്)

പകർപ്പ്. ശ്രീ.സുരേഷ് .സി
ചോലയിൽ ഹൗസ്
കടമ്പഴിപ്പുറം .പി.ഒ
പാലക്കാട് - 678633

1) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(കെഎംബിആർ ചട്ടം 153 (8) പ്രകാരം സർക്കാർ/ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ആമുഖപത്രം സഹിതം)
2) പഞ്ചായത്ത് , ഡയറക്ടർ. തിരുവനന്തപുരം(ആമുഖ പത്രസഹിതം)
3) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് ജില്ല (ആമുഖ പത്രസഹിതം)
4) റീജിയണൽ ജോയിന്റ് ഡയറക്ടർ. നഗരകാര്യ വകുപ്പ്, കൊല്ലം, കൊച്ചി
5) ഉത്തരമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

അംഗീകാരത്തോടെ

സൂപ്രണ്ട്

PA 164